# എക്സ്പ്രസ്/ഹിൽ ഹൈവേക്കെതിരെ സമരം – ആലോചനായോഗം

**കേ**രളത്തെ സാമ്പത്തികമായും സാമൂഹ്യമായും പാരിസ്ഥിതികമായും തകർക്കുന്ന ഒരു പദ്ധതിയാണല്ലോ സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള എക്സ്പ്രസ് ഹൈവേ. 507 കി.മീ. നീളമുള്ള ഈ വൻമതിൽ കേരളത്തെ നെടുകെ രണ്ടായി പിളർക്കുന്നതാണ്. രണ്ടു ശതമാനം ജനങ്ങൾക്ക് വൻ ടോൾ നൽകിക്കൊണ്ട് 120 കി.മീ. വേഗതയിൽ സഞ്ചരിക്കുന്നതിനുവേണ്ടി നിർമ്മിക്കുന്ന ഈ ഹൈവേ നിലവിലുള്ള ആയിരക്കണക്കിനു റോഡുകളെ തകർക്കുന്നു എന്നു മാത്രമല്ല ഇതിനുവേണ്ടി ആറായിരം കോടി രൂപ ഇന്നാട്ടിലെ മുഴുവൻ ജനങ്ങളിൽ നിന്നും പിരിച്ചെടുക്കുകയും ആ അസ്തികൾ മുഴുവൻ ഒരു സ്വകാര്യ ഏജൻസിക്ക് കൈമാറുകയും ചെയ്യുന്നു. ഈ പദ്ധതിക്കെതിരായി കേരളത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള ജനങ്ങളുടെ കൂട്ടായ സമരം ആവശ്യമാണ്. ഇതിനുവേണ്ടി ഒരു പ്രാഥമിക ആലോചനായോഗം 2004 മെയ് 23 ന് എറണാകുളത്തുവച്ചു ചേരുവാൻ ഉദ്ദേശിക്കുന്നു. കൃത്യമായ സ്ഥലവും സമയവും പിന്നീടറിയിക്കുന്നതാണ്. കേരളത്തിലെ എല്ലാ ജനകീയ പരിസ്ഥിതി മനുഷ്യാവകാശ പ്രതിരോധ പ്രസ്ഥാനങ്ങളുടെയും ഒരു കൂട്ടായ്മ രൂപപ്പെടണമെന്നാണ് ആഗ്രഹിക്കുന്നത്. താൽപര്യമുള്ളവർ താഴെ പറയുന്ന ഏതെങ്കിലും വിലാസത്തിൽ ബന്ധപ്പെടുക.

(1) റോബിൻ, "കേരളീയം, കൊക്കാലെ, തൃശൂർ-21. ഫോൺ : 0487-2421385/2991016

(2) ഏലിയമ്മ വിജയൻ, "സഖി", കോൺവെന്റ് റോഡ്, തിരുവനന്തപുരം-35, ഫോൺ : 0471-25005506

(3) സി.ആർ. നീലകണ്ഠൻ, "തണൽ", കിഴക്കേക്കര റോഡ്, തൃക്കാക്കര, കൊച്ചി-21, ഫോൺ : 0484-2424322, 2423986

(4) ഫൈസൽ ബാവ, ആമയം, പി.ഒ. ചെറുവല്ലൂർ, മലപ്പുറം. ഫോൺ : 0494-2652340

(5) മുസ്തഫ ദേശമംഗലം, തിരൂർ. ഫോൺ : 98472 54261, 0494-2431928